ഭരണഭാഷ – മാതൃഭാഷ

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**

**(ഹാജർ - ശ്രീ. ജോമോൻ.കെ. ജോർജ്ജ്, ബിടെക്)**

**ഉത്തരവ് നമ്പർ : 3166/ബി1/16/സിഇ തീയതി. 03/05/2021**

വിഷയം :-ജീവനക്കാര്യം- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ കാര്യാലയത്തിലെ ഫെയർകോപ്പി സൂപ്രണ്ടായിരുന്ന ശ്രീമതി.രമണി. എൽ 30/04/2021-ന് വൈകുന്നേരം പ്രായപൂർത്തി പെൻഷനിൽ വിരമിച്ചതു നിമിത്തം ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ ഒരൊഴിവ് നിലവിൽ വന്നിട്ടുണ്ട്. വകുപ്പിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നാണ് ടി ഒഴിവ് നികത്തേണ്ടത്. പ്രസ്തുത തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറും ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹയുമായത് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി. എം. ഷൈമയാണ്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി. എം. ഷൈമയെ 43400-91200 രൂപ ശമ്പള സ്കെയിലിൽ ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

ഒപ്പ്

ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല
വഹിക്കുന്ന ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീമതി. എം. ഷൈമ
സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് (മേലധികാരി മുഖേന)
ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം

സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണ മേഖല, തിരുവനന്തപുരം

<u>പകർപ്പ്</u> :- ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട് , ഹെഡ് ക്ലർക്ക്, എ 7, എ 6, ബി1 സെക്ഷനുകൾക്ക്.

ഉത്തരവിൻപ്രകാരം,

സീനിയർ സൂപ്രണ്ട്